**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6409** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഓവർസിയർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III,ഓവർസിയർ ഗ്രേഡ് III എന്നീ തസ്തികയിലേക്കുള്ള പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III, ഓവർസിയർ ഗ്രേഡ് III എന്നീ തസ്തികകളിലേക്കുള്ള പി.എസ്.സി നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ 6 കേസുകൾ നിലവിലുണ്ട്. നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1. OA 1416/2020, OA 1286/2020 എന്നീ കേസുകളിൽ, ബിരുദ, ഡിപ്ലോമ ധാരികളായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 3 തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് 06/02/2024 തീയതിയായി ബഹു.കെ.എ.റ്റി ഉത്തരവായിട്ടുണ്ട്.<br><br>2. OP (KAT) 81/2024 എന്ന കേസിൽ OA 1416/2020 നമ്പർ കേസിലെ വിധിയിന്മേൽ ഇടക്കാല സ്റ്റേ അനുവദിച്ച് ബഹു. ഹൈക്കോടതി 22/02/2024-ന് ഉത്തരവായിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല.<br><br>3. OP (KAT) 94/2024, OP (KAT) 102/2024, OP (KAT) 129/2024 എന്നീ കേസുകളിൽ OA 1416/2020 നമ്പർ കേസിലെ വിധിന്യായത്തെ സ്റ്റേ ചെയ്തു കൊണ്ട് 01/04/2024 തീയതിയിൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ